ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:11-07-2024

## പ്രധാനവാർത്തകൾ

1). കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമ്പത്തിക വിദഗ്ധരുമായി കൂടിക്കാഴ്ച നടത്തി.

2) പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിന് സമാപനമായി.

3.) മലപ്പുറം, കാസർഗോഡ് ജില്ലകളിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതിനായി 138 താത്കാലിക അധിക ബാച്ചുകൾ അനുവദിച്ചതായി മന്ത്രി വി ശിവൻകുട്ടി.

4). വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യ ചരക്ക് കപ്പൽ എത്തി. തുറമുഖത്തിൻറെ ട്രയൽ റണ്ണും, കപ്പലിൻറെ ഔദ്യോഗിക സ്വീകരണവും, നാളെ നടക്കും.

5) രാജ്യത്തെ ലൈറ്റ് ഹൌസ് വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുമെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനാവാൾ.

6) കീം എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.

********************** **********************

RJU TVPM

## പ്രധാനമന്ത്രി - ബജറ്റ്

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമ്പത്തിക വിദഗ്ധരുമായി കൂടിക്കാഴ്ച നടത്തി. ധനമന്ത്രി നിർമല സീതാരാമൻ, നിതി അയോഗ് ഉപാധ്യക്ഷൻ സുമൻ ബെറി, പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞർ തുടങ്ങിയവർ ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ പങ്കെടുത്തു. ഈ മാസം 23-നാണ് കേന്ദ്ര ബജറ്റ്. മൂന്നാം നരേന്ദ്ര മോദി സർക്കാരിൻറെ ആദ്യ ബജറ്റാണിത്.

********************** **********************

## നിയമസഭ സമാപനം - (ഇൻട്രോ)

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. . കഴിഞ്ഞ മാസം 10- ന് ആരംഭിച്ച സഭാ സമ്മേളനത്തിനാണ് ഇന്ന് സമാപനമായത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് ....

(വോയിസ്.........)

RNU TVPM

********************** **********************

## പ്ലസ് വൺ ബാച്ച് - വി ശിവൻകുട്ടി

മലപ്പുറം, കാസർഗോഡ് ജില്ലകളിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതിനായി 138 താത്കാലിക അധിക ബാച്ചുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചതായി മന്ത്രി വി ശിവൻകുട്ടി. നിയമസഭയിൽ ചട്ടം 300 പ്രകാരം പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. മലപ്പുറത്ത് ഹുമാനിറ്റീസ്, കൊമേഴ്സ് കോമ്പിനേഷനുകളിലായി 120 താത്കാലിക ബാച്ചുകളും, കാസർഗോഡ് ജില്ലയിൽ ഒരു സയൻസ് ബാച്ചും 4

ഹുമാനിറ്റീസ് ബാച്ചുകളും, 13 കൊമേഴ്സ് ബാച്ചുകളും അനുവദിക്കുമെന്ന് മന്ത്രി അറിയിച്ചു. പുതിയ താൽക്കാലിക ബാച്ച് അനുവദിക്കുന്നതിനായി ഗവൺമെൻറ് വിദ്യാലയങ്ങളെ മാത്രമേ പരിഗണിച്ചിട്ടുള്ളൂ എന്നും മന്ത്രി കൂട്ടിച്ചേർത്തു.

*********************** ***********************

__പ്രതിപക്ഷം - പ്ലസ് വൺ__

മലപ്പുറം, കാസർകോട് ജില്ലകളിൽ ഹയർസെക്കൻഡറി അധിക ബാച്ചുകൾ അനുവദിക്കാനുള്ള സർക്കാർ തീരുമാനത്തെ പ്രതിപക്ഷം സ്വാഗതം ചെയ്തു. ഇത് യു.ഡി.എഫും, വിദ്യാർത്ഥി സംഘടനകളും നിരന്തരമായി നടത്തിയ പോരാട്ടത്തിൻറെ വിജയമാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. കോഴിക്കോട്, പാലക്കാട് വയനാട് ജില്ലകളിൽ കൂടി ആവശ്യമായ ബാച്ചുകൾ അനുവദിക്കണമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ ചൂണ്ടിക്കാട്ടി.

*********************** ***********************

__വിഴിഞ്ഞം__

കാത്തിരിപ്പുകൾക്ക് വിരാമമിട്ട് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യ ചരക്ക് കപ്പൽ എത്തി. ലോകത്തെ രണ്ടാമത്തെ വലിയ കപ്പൽ കമ്പനിയായ മെസ്കിന്റെ സാൻ ഫെർണാണ്ടോ മദർഷിപ്പിനെ വാട്ടർ സല്യൂട്ട് നൽകിയാണ് വിഴിഞ്ഞത്ത് സ്വീകരിച്ചത്. രാവിലെ 9.50 ഓടെ ബർത്തിംഗ് നടപടികൾ പൂർത്തിയാക്കി. വിഴിഞ്ഞം തുറമുഖത്തിൻറെ ട്രയൽ റണ്ണും, മദർ ഷിപ്പിന്റെ ഔദ്യോഗിക സ്വീകരണവും നാളെ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ, തുറമുഖ വകുപ്പ് മന്ത്രി വി.എൻ വാസവൻ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. രണ്ട് മുതൽ

RNU TVPM

മൂന്ന് മാസം വരെയാണ് ട്രയൽ ഓപ്പറേഷൻ നടക്കുക. സെപ്റ്റംബർ-ഒക്ടോബർ മാസത്തോടെ വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യും.

*********************** ***********************

**<u>വിഴിഞ്ഞം - യു.ഡി.എഫ് പ്രതിഷേധം</u>**

വിഴിഞ്ഞത്ത് നാളെ നടക്കുന്ന പരിപാടിയിലേക്ക് പ്രതിപക്ഷ നേതാവിനെയും, മറ്റ് പ്രതിപക്ഷ അംഗങ്ങളെയും ക്ഷണിക്കാത്തതിനെതിരെ നാളെ യു ഡി എഫ് പ്രതിഷേധം. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രതിഷേധ പ്രകടനം നടത്തുമെന്ന് യു ഡി എഫ് കൺവീനർ എം എം ഹസൻ അറിയിച്ചു. വിഴിഞ്ഞം തുറമുഖത്തിന് ഉമ്മൻ ചാണ്ടിയുടെ പേര് നൽകണമെന്ന് കെ പി സിസി അധ്യക്ഷൻ കെ സുധാകരൻ ആവശ്യപ്പെട്ടു.

*********************** ***********************

**<u>സർബാനന്ദ സോനോവാൾ</u>**

രാജ്യത്തെ ലൈറ്റ് ഹൌസ് വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുമെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനാവാൾ. ലൈറ്റ് ഹൌസ് ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നത് ലക്ഷ്യമിട്ട് മേഖലയിലെ പങ്കാളികളുമായി തിരുവനന്തപുരത്ത് ചർച്ച നടത്തുകയായിരുന്നു അദ്ദേഹം. വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുക ലക്ഷ്യമിട്ട് രാജ്യത്തെ 203 ലൈറ്റ്ഹൗസുകളിൽ 75 എണ്ണം ഇതിനകം പുനരുദ്ധാരണം ചെയ്തു. കേരളത്തിലെ 17 ലൈറ്റ് ഹൗസുകളിൽ 11 എണ്ണം ഇതിൻറെ ഭാഗമായി നവീകരിച്ചതായും മന്ത്രി പറഞ്ഞു.

*********************** ***********************

RNU TVPM

**കീം**

കേരള എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയായ 'കീം' ൻറെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. 79,044 വിദ്യാർത്ഥികൾ എഴുതിയ പ്രവേശനപരീക്ഷയിൽ 58,340 പേർ യോഗ്യത നേടിയതായി മന്ത്രി ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ആദ്യ നൂറു റാങ്കിൽ 87 ആൺകുട്ടികളും 13 പെൺകുട്ടികളും ഉൾപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ നിന്നാണ് ഏറ്റവുമധികം പേർ റാങ്ക് പട്ടികയിൽ ഇടം നേടിയത്.

********************** **********************

**കേരള ഹൈക്കോടതി**

നിയമപരമായി വിവാഹിതരാകാതെ ഒരുമിച്ച് താമസിക്കുന്നവർക്ക് ഗാർഹിക പീഡന നിയമത്തിൻറെ സംരക്ഷണം ലഭിക്കില്ലെന്ന് കേരള ഹൈക്കോടതി. നിയമപരമായ വിവാഹത്തിലൂടെ ഭാര്യാഭർത്താക്കന്മാർ ആയവർക്ക് മാത്രമാണ് ഈ നിയമത്തിൻറെ പരിരക്ഷ ലഭിക്കുകയെന്നും ജസ്റ്റിസ് എ ബദ്റുദ്ദീൻ അദ്ധ്യക്ഷനായ ബഞ്ച് വ്യക്തമാക്കി. എറണാകുളം സ്വദേശിയായ യുവാവിനെതിരെ കൊയിലാണ്ടി പോലീസ് രജിസ്റ്റർ ചെയ്ത ഗാർഹിക പീഡനക്കേസ് റദ്ദാക്കിക്കൊണ്ടാണ് കോടതിയുടെ നിരീക്ഷണം.

RNU TVPM

********************** **********************

**നീറ്റ് യു.ജി**

നീറ്റ് യു.ജി പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുന്നത് സുപ്രീംകോടതി ഈ മാസം 18- ലേക്ക് മാറ്റി. ക്രമക്കേട് സംബന്ധിച്ച് കേന്ദ്രവും, ദേശീയ ടെസ്റ്റിങ്ങ് ഏജൻസിയും സമർപ്പിച്ച സത്യവാങ്മൂലത്തിൽ

എതിർകക്ഷികൾക്ക് മറുപടി ഫയൽ ചെയ്യുന്നതിന് കോടതി സമയം അനുവദിച്ചു. ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. നീറ്റ് യുജി പരീക്ഷാ ഫലം സമഗ്രമായി അവലോകനം ചെയ്യുന്നതിന് ഐ.ഐ.റ്റി മദ്രാസിനെ ചുമതലപ്പെടുത്തിയതായി കേന്ദ്രസർക്കാർ സുപ്രീംകോടതിയെ അറിയിച്ചു.

*********************** **********************

**മുഖ്യമന്ത്രി - കോൺക്ലേവ്**

നിർമിത ബുദ്ധി മേഖലയിലെ പ്രധാന സേവന കേന്ദ്രമാക്കി കേരളത്തെ മാറ്റുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യത്തെ ആദ്യ ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് കോൺക്ലേവ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാരും, ഐബിഎമ്മും ചേർന്നാണ് രണ്ട് ദിവസത്തെ കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്.

RNU TVPM

*********************** **********************

**മൻ കി ബാത് പ്രശ്നോത്തരി**

നെഹ്റു യുവകേന്ദ്രയുടെയും ,

ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷൻ്റെയും നേതൃത്വത്തിൽ പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രഭാഷണ പരമ്പരയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന പ്രശ്നോത്തരിക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയ്യതി ഈ മാസം 17 വരെ ദീർഘിപ്പിച്ചു. ഹൈസ്ക്കൂൾ ഹയർ സെക്കൻ്ററി സ്കൂളുകൾക്കും, കോളേജുകൾക്കും ഓരോ വിഭാഗത്തിൽ നിന്നും രണ്ട് കുട്ടികളെ വീതം താലൂക്ക് തല മത്സരത്തിനായി അയക്കാം. താലൂക്ക് തലത്തിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്ക്

ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാ ഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും.

********************** **********************

**മനുഷ്യാവകാശ കമ്മീഷൻ**

തിരുവനന്തപുരത്ത് ഓട്ടിസം ബാധിതനായ വിദ്യാർത്ഥിയെ സർക്കാർ സ്കൂളിൽ നിന്ന് നിർബന്ധിച്ച് പുറത്താക്കിയ നടപടിയിൽ അന്വേഷണത്തിന് ഉത്തരവിട്ട് മനുഷ്യാവകാശ കമ്മീഷൻ. തിരുവനന്തപുരം ഡി.ഇ. ഒ രണ്ട് ആഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ഉത്തരവിൽ ആവശ്യപ്പെട്ടു. തിരുവന്തപുരം തൈക്കാട് ഗവ. മോഡൽ സ്കൂളിൽ പൊതു പരിപാടിക്കിടയിൽ ശബ്ദമുണ്ടാക്കിയെന്ന് ആരോപിച്ചാണ് കുട്ടിയെ പുറത്താക്കിയത്.

RNU TVPM

********************** **********************

**സി.എ.ജി റിപ്പോർട്ട്**

വനാതിർത്തികളിലെ മനുഷ്യ-മൃഗ സംഘർഷം തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി സി.എ.ജി റിപ്പോർട്ട്. വന്യജീവികളുടെ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിലും, ആനത്താരകൾ സംരക്ഷിക്കുന്നതിലും വനം വകുപ്പിന് വീഴ്ച പറ്റിയതായും നിയമസഭയുടെ മേശപ്പുറത്ത് വച്ച സി.എ.ജി റിപ്പോർട്ടിൽ പറയുന്നു . ഖനന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലും പോരായ്മകളുണ്ടായതായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

********************** **********************

**നിയമസഭ - വാക്കൗട്ട്**

കേരളത്തിൽ നിന്നും വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർധിക്കുന്ന സാഹചര്യം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന

ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷം ഇന്നും വാക്കൗട്ട് ചെയ്തു. പ്രതിപക്ഷത്ത് നിന്ന് മാത്യു കുഴൽനാടൻ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. വിദ്യാർത്ഥികളുടെ കുടിയേറ്റം കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്ന് പ്രതിപക്ഷം ചൂണ്ടിക്കാട്ടി. എന്നാൽ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭാസവും തൊഴിലും തേടി വിദേശത്തേക്ക് പോകുന്നത് ആഗോള പ്രതിഭാസമാണെന്ന് മന്ത്രി ആർ.ബിന്ദു മറുപടിയായി പറഞ്ഞു. ഇന്ത്യയിൽ താരതമ്യേന കുടിയേറ്റം കുറഞ്ഞ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്നും മന്ത്രി വ്യക്തമാക്കി. മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

PNU TVPM

********************** **********************

**ദേശീയ ഗുണനിലവാരം**

സംസ്ഥാനത്തെ ഒരു സർക്കാർ ആശുപത്രിയ്ക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരമായ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. വയനാട് മെഡിക്കൽ കോളേജിനാണ് ഇത്തവണ അംഗീകാരം ലഭിച്ചത്. നേരത്തെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിന് 96 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിരുന്നു.

********************** **********************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.
ബോംബൈ ഓഹരി സൂചിക സെൻസെക്സ് 27 പോയിൻറ് നഷ്ടത്തിൽ 79,897 - ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി എട്ട് പോയിൻറ് നഷ്ടത്തിൽ 24,316- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർധന. പവന് 160 രൂപ വർധിച്ച് 53,840 രൂപയും ഗ്രാമിന് 20 രൂപ വർധിച്ച് 6,730 രൂപയുമാണ് ഇന്നത്തെ വില.

********************** **********************
***********

RNU TVPM